# Prime Minister's Telephone Conversation with Crown Prince Mohd. Bin Salman of Saudi Arabia

March 17, 2020

## സൗദി അറേബ്യയുടെ കിരീടാവകാശിയായ മുഹമ്മദ് ബിൻ സൽമാനുമായി പ്രധാന മന്ത്രിയുടെ ടെലിഫോൺ സംഭാഷണം

മാർച്ച് 17, 2020

സൗദി അറേബ്യയുടെ കിരീടാവകാശിയായ മുഹമ്മദ് ബിൻ സൽമാനുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഇന്ന് ടെലിഫോണിൽ സംഭാഷണം നടത്തി. രണ്ടു നേതാക്കളും കോവിഡ് -19 പകർച്ചവ്യാധിയെ സംബന്ധിച്ചുള്ള ആഗോള അവസ്ഥ ചർച്ച ചെയ്തു.

ആയിരക്കണക്കിന് ആളുകളുടെ ആരോഗ്യത്തിലും സ്വാസ്ഥ്യത്തിലും മാത്രമല്ല ലോകത്തിലെ പലഭാഗങ്ങളിലെ സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുമെന്ന ഭീഷണിയുള്ള ഈ ആഗോള വെല്ലുവിളിയെ ശരിയായ രീതിയിൽ നേരിടുന്നതിന് ഏകീകൃതമായ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് പ്രധാനമന്ത്രി ഊന്നി പറഞ്ഞു.

ഈ പശ്ചാത്തലത്തിൽ, SAARC രാജ്യങ്ങളുമായി വിഡിയോ കോൺഫറൻസിങ് നടത്തുന്നതിനുള്ള ഇന്ത്യയുടെ ഏറ്റവും പുതിയ തീരുമാനത്തെക്കുറിച്ചും പ്രധാനമന്ത്രി പരാമർശിച്ചു.

രണ്ടു നേതാക്കളും ഇതേ നടപടി G20 നേതാക്കൾക്കിടയിലും തുടരണമെന്ന് അഭിപ്രായപ്പെട്ടു, സൗദി അറേബ്യയുടെ അധ്യക്ഷസ്ഥാനത്തുള്ള G20 യിൽ, കോവിഡ് -19 പകരുന്നത് തടയുന്നതിനുള്ള പ്രത്യേക നടപടികൾ ചർച്ച ചെയ്യുന്നതിനും ആഗോള ജനതയ്ക്ക് ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും ഇത് ലോകത്തിനാകെ സഹായകമായിരിക്കും.

ഇത് സംബന്ധിച്ച് തങ്ങളുടെ ഉദ്യോഗസ്ഥർ തുടർന്നും സമ്പർക്കം പുലർത്തുമെന്ന് പ്രധാനമന്ത്രിയും സൗദി അറേബ്യ കിരീടാവകാശിയും തീരുമാനിച്ചു.

**ന്യൂ ഡൽഹി**
**17 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.